# കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ: DR4-2/3/2020-KPSC തിരുവനന്തപുരം

തീയതി:05/06/2024

**<u>കൂട്ടിച്ചേർക്കൽ വിജ്ഞാപനം</u>**

വിദ്യാഭ്യാസ വകുപ്പിലെ എൽ. പി. സ്കൂൾ ടീച്ചർ (മലയാളം മാധ്യമം) തസ്തികയിലേയ്ക്ക് 212/2023, 213/2023, 214/2023, 215/2023, 491/2023, 513/2023, 514/2023, 610/2023, 707/2023, 709/2023 എന്നീ കാറ്റഗറി നമ്പറുകൾ പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിലെ ഇനം (7) 'യോഗ്യതകൾ' എന്ന ശീർഷകത്തിനു താഴെ നൽകിയിട്ടുള്ള 'കുറിപ്പ് (ii)' ഉം മേൽ തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 591/2023 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ ഇനം (7) 'യോഗ്യതകൾ' എന്ന ശീർഷകത്തിനു താഴെ നൽകിയിട്ടുള്ള 'കുറിപ്പ് (iii)' ഉം ഭേദഗതി ചെയ്തു കൊണ്ടുള്ള 11.03.2024 തീയതിയിലെ കൂട്ടിച്ചേർക്കൽ വിജ്ഞാപനം 04.05.2024-ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ടി ഭേദഗതിയിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത കരസ്ഥമാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക്, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, മേൽ കാറ്റഗറി നമ്പറുകൾ പ്രകാരമുള്ള തെരഞ്ഞെടുപ്പുകൾക്ക് അപേക്ഷ സമർപ്പിയ്ക്കുന്നതിന് 10.06.2024 തീയതി മുതൽ 16.06.2024 തീയതി വരെ സമയം അനുവദിച്ചിരിയ്ക്കുന്നു.

(i) മേൽ കാറ്റഗറി നമ്പറുകളിലേയ്ക്ക് അപേക്ഷ സമർപ്പിയ്ക്കുന്ന ഉദ്യോഗാർത്ഥികൾ, ഭേദഗതി പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകൾ ഉൾപ്പെടെയുള്ള എല്ലാ യോഗ്യതകളും, അപേക്ഷ സമർപ്പിയ്ക്കുന്നതിനായി അതാത് കാറ്റഗറി നമ്പറുകൾ പ്രകാരമുള്ള വിജ്ഞാപനത്തിൽ നിഷ്കർച്ചിട്ടുള്ള അവസാന തീയതിയിലോ അതിനു മുൻപോ നേടിയതായിരിയ്ക്കണം. പ്രസ്തുത തീയതിയ്ക്ക് ശേഷം യോഗ്യത കരസ്ഥമാക്കിയവർ യാതൊരു കാരണവശാലും ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിയ്ക്കുവാൻ പാടുള്ളതല്ല.

(ii) SSLC-ക്ക് പാർട്ട് I-ലോ പാർട്ട് II-ലോ മലയാളം പഠിച്ചിട്ടുള്ളതോ അല്ലെങ്കിൽ പഠന മാധ്യമം മലയാളമോ ആയിരുന്നതും എന്നാൽ അപേക്ഷ സമർപ്പിയ്ക്കുന്നതിനായി അതാത് കാറ്റഗറി നമ്പറുകൾ പ്രകാരമുള്ള വിജ്ഞാപനങ്ങളിൽ നിഷ്കർച്ചിട്ടുള്ള അവസാന തീയതിയ്ക്കകം അപേക്ഷ സമർപ്പിയ്ക്കാത്തവരുമായ ഉദ്യോഗാർത്ഥികൾ ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ അയയ്ക്കുവാൻ പാടുള്ളതല്ല.

(iii) 24.02.2023 തീയതിയ്ക്കകം ട്രെയിനിംഗ് യോഗ്യത കരസ്ഥമാക്കിയവരും ടി തീയതിയ്ക്കകം ബന്ധപ്പെട്ട കോഴ്സുകൾക്ക് പ്രവേശനം നേടിയിട്ടുള്ളവരിൽ അപേക്ഷ സമർപ്പിയ്ക്കുന്നതിനായി അതാത് കാറ്റഗറി നമ്പറുകൾ പ്രകാരമുള്ള വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള അവസാന തീയതിയ്ക്കകം യോഗ്യത നേടിയതുമായ ഉദ്യോഗാർത്ഥികൾ മാത്രമേ ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിയ്ക്കുവാൻ പാടുള്ളൂ. 24.02.2023 തീയതിയ്ക്ക് ശേഷം ബന്ധപ്പെട്ട കോഴ്സുകളിൽ പ്രവേശനം നേടിയവർ ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിയ്ക്കുവാൻ അർഹരല്ല.

(iv) മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ

തെരഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലായാലും നിരസിക്കുന്നതാണ്.

(v) മേൽ കാറ്റഗറി നമ്പറുകൾ പ്രകാരമുള്ള വിജ്ഞാപനങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള അവസാന തീയതിയ്ക്കകം അപേക്ഷ സമർപ്പിച്ചിരുന്ന ഉദ്യോഗാർത്ഥികൾ ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപന പ്രകാരം വീണ്ടും അപേക്ഷ സമർപ്പിയ്ക്കേണ്ടതില്ല.

(vi) ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിയ്ക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അതാത് കാറ്റഗറി നമ്പറുകളിലെ വിജ്ഞാപനങ്ങളിൽ പരാമർശിച്ചിരിയ്ക്കുന്ന മറ്റ് നിബന്ധനകളെല്ലാം ബാധകമാണ്.

(കമ്മീഷൻ ഉത്തരവിൻ പ്രകാരം)

സാജു ജോർജ്ജ്

**സെക്രട്ടറി**

**കേരള പബ്ലിക് സർവീസ് കമ്മീഷൻ**